(ബി) നൽകുന്നുണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ഉദിക്കുന്നില്ല.

കാസർകോട് ജില്ലയിലെ കർഷക തൊഴിലാളി ക്ഷേമനിധി

66(969) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ 1999 ഡിസംബർ വരെ എത്ര തൊഴിലാളികൾ കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട് ;

(ബി) പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളായി 60 വയസ്സ് പൂർത്തിയാക്കി റിട്ടയർമെന്റ് ആനുകൂല്യത്തിന് അപേക്ഷ നൽകിയവർ എത്ര ; 1999 ഡിസംബർ വരെ എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് ; വിശദവിവരം വ്യക്തമാക്കാമോ ;

(സി) റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) 43986 പേർ.

(ബി) 60 വയസ്സ് പൂർത്തിയായി ക്ഷേമനിധിയിൽ നിന്നും പിരിഞ്ഞുപോയ 1388 തൊഴിലാളികളുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇതിൽ 262 പേർക്ക് 31-12-1999 വരെ ആനുകൂല്യം നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്കും 2000 മാർച്ച് 31-ന് മുൻപായി ആനുകൂല്യം നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സ്വീകരിച്ചിട്ടുണ്ട്.

ഐ.ആർ.സി. കളുടെ പ്രവർത്തനം

67(970) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ വ്യവസായതൊഴിൽ മേഖലകളിൽ ഐ.ആർ.സി.കൾ രൂപീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) പുതിയതായി ഏത് മേഖലകളിലൊക്കെ ഐ.ആർ.സി.കൾ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) കാലാവധി കഴിഞ്ഞിട്ടും പുനഃസംഘടിപ്പിക്കാത്ത ഐ.ആർ.സി.കൾ ഏതെല്ലാം ; അവ പുനഃസംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് മെച്ചപ്പെട്ട വ്യവസായ-തൊഴിൽ ബന്ധം നിലനിർത്താൻ തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് താഴെ പറയുന്ന 20 വ്യവസായബന്ധ സമിതികൾ രൂപവൽക്കരിച്ചിട്ടുണ്ട്:-

1. കള്ള് ചെത്ത് വ്യവസായബന്ധ സമിതി
2. കശുവണ്ടി വ്യവസായബന്ധ സമിതി
3. മോട്ടോർ ട്രാൻസ്പോർട്ട് വ്യവസായബന്ധ സമിതി
4. കയർ വ്യവസായബന്ധ സമിതി
5. പ്ലാന്റേഷൻ ലേബർ കമ്മിറ്റി
6. ടെക്സ്റ്റൈൽ വ്യവസായബന്ധ സമിതി
7. വ്യവസായബന്ധ ബോർഡ്
8. ബീഡി ആന്റ് സിഗാർ ഇൻഡസ്ട്രി വ്യവസായബന്ധ സമിതി
9. ഓട് വ്യവസായബന്ധ സമിതി
10. മദ്യ വ്യവസായബന്ധ സമിതി
11. നിർമ്മാണ തൊഴിൽ വ്യവസായബന്ധ സമിതി
12. കുട്ടനാട് കാർഷിക മേഖലാ വ്യവസായബന്ധ സമിതി
13. ലോറി ട്രാൻസ്പോർട്ട് വ്യവസായബന്ധ സമിതി
14. ഇ.എസ്.ഐ. അഡ്വൈസറി ബോർഡ്
15. ടിംബർ, പ്ലൈവുഡ്, മാച്ചസ് ആന്റ് സാമിൽ വ്യവസായബന്ധ സമിതി
16. പൊതു വിതരണ വ്യവസായബന്ധ സമിതി
17. ട്രൈപാർട്ടൈഡ് കമ്മിറ്റി ഫോർ കാർഡമം ഇൻഡസ്ട്രി
18. പാലക്കാട് കാർഷിക മേഖലാ വ്യവസായബന്ധ സമിതി
19. ലോവർ പെരിയാർ ജലവൈദ്യുത പ്രോജക്ട് വ്യവസായബന്ധ സമിതി
20. കക്കാട് ജല വൈദ്യുത പ്രോജക്ട് വ്യവസായബന്ധ സമിതി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ മേഖലകളിൽ വ്യവസായ ബന്ധ സമിതികൾ രൂപീകരിക്കുന്ന നടപടികളൊന്നും ഇപ്പോൾ നിലവിലില്ല.

(സി) കുട്ടനാട് കാർഷിക വ്യവസായ ബന്ധ സമിതി, ലോറി ട്രാൻസ്പോർട്ട് വ്യവസായ ബന്ധ സമിതി, ടിംബർ, പ്ലൈവുഡ്, മാച്ചസ് ആന്റ് സാമിൽ വ്യവസായ ബന്ധ സമിതി, ഇ.എസ്.ഐ. അഡ്വൈസറി ബോർഡ്, പാലക്കാട് കാർഷിക മേഖലാ വ്യവസായബന്ധ സമിതി എന്നീ ഐ.ആർ.സി. കളുടെ കാലാവധി അവസാനിച്ചു. പുനസംഘടനാ പ്രക്രിയകൾ നടന്നുവരുന്നു.

(ഡി) സംസ്ഥാനത്ത് തൊഴിൽ രംഗത്ത് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ അപ്പോഴപ്പോൾ പരിഹരിക്കുവാനും നല്ല വ്യവസായ തൊഴിൽ ബന്ധം നിലനിർത്തുവാനും തൊഴിൽ വകുപ്പ് ആത്മാർത്ഥമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇതിനുവേണ്ടി സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ തൊഴിൽ മേഖലയിലും രൂപീകരിച്ചിട്ടുള്ള വ്യവസായബന്ധ സമിതികൾ കാര്യക്ഷമമായി പ്രവർത്തിപ്പിച്ചുവരുന്നു. തൊഴിൽ മേഖലയിൽ സമാധാനപരമായ അന്തരീക്ഷം സൃഷ്ടിച്ച് അതുവഴി ബന്ധപ്പെട്ട വ്യവസായത്തിന്റെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുവാനും തൊഴിലാളികളുടെ സേവന-വേതന കാര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഐ.ആർ.സി. കൾ ശ്രമിച്ചുവരുന്നു. ഇപ്രകാരം കേരളത്തിലെ വ്യവസായ മേഖലയിലും തൊഴിൽ മേഖലയിലാകമാനം കാര്യക്ഷമമായ പ്രവർത്തനം നടത്തി തൊഴിൽ പ്രശ്നങ്ങളും അതുമൂലമുണ്ടാകാവുന്ന നഷ്ടവും ഇല്ലാതാക്കാൻ ആവശ്യമായ എല്ലാ നടപടിയും തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

കോട്ടയ്ക്കലിൽ ഇ.എസ്.ഐ. ഡിസ്പെൻസറി

68(971) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നല്കിയത് എംപ്ലോയിസ് സ്റ്റേറ്റ് ഇൻഷ്വറൻസ് കോർപ്പറേഷൻ പുതുതായി സർവ്വേ നടത്തിയത് അനുസരിച്ചാണോ എന്നറിയിക്കാമോ ;

(ബി) ഏത് പരിശോധനയിലാണ് നിർദ്ദിഷ്ട ചുറ്റളവിൽ വേണ്ടത്ര തൊഴിലാളികൾ ഇല്ലെന്ന് ബോദ്ധ്യമായത് എന്ന് വ്യക്തമാക്കാമോ ;

(സി) കോർപ്പറേഷന്റെ സർവ്വേയിൽ വേണ്ടത്ര തൊഴിലാളികൾ ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടാണോ നടപടികൾക്ക് നിർദ്ദേശം നൽകിയത് എന്നറിയിക്കാമോ ;

(ഡി) കോർപ്പറേഷന്റെ നിർദ്ദേശം അംഗീകരിക്കേണ്ടതായിരുന്നോ എന്നറിയിക്കാമോ ;

(ഇ) ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly